പ്രശ്നങ്ങൾ ഉയർന്നുവന്നതിന്റെയടിസ്ഥാനത്തിൽ ആ പദ്ധതി നടപ്പാക്കാനാകാത്തതിനാൽ കേന്ദ്രഗവൺമെന്റ് അനുവദിച്ച പണം നമുക്ക് തിരിച്ചടയ്ക്കേണ്ടിവന്നു. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ പാതിരാമണൽ ടൂറിസത്തിന്റെ സാദ്ധ്യത വലുതാണ്. ആലപ്പുഴ ജില്ലയ്ക്ക് മാത്രമല്ല, കേരളത്തിന്റെ ടൂറിസം വികസനത്തിനുതന്നെ അനന്തമായ സാദ്ധ്യതകളുണ്ട്. അതുകൊണ്ടുതന്നെ പദ്ധതിയിൽ മാറ്റം വരുത്തിക്കൊണ്ട് നടപ്പാക്കുന്ന കാര്യത്തിൽ ഗവൺമെന്റിന് യാതൊരു പ്രയാസവുമില്ല. സംസ്ഥാന ഗവൺമെന്റ്തന്നെ അതിനാവശ്യമായ പണം അനുവദിക്കും. മറ്റ് പ്രശ്നങ്ങൾകൂടി ചർച്ചചെയ്ത് പരിഹരിക്കേണ്ടതുണ്ട്. അത്തരം കാര്യങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## 11. പാലം നിർമ്മാണം

<u>ശ്രീമതി ഗീതാ ഗോപി</u> : സർ, നാട്ടിക-കൈപ്പമംഗലം നിയോജക മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന അഴിമാവ് കടവ് പാലത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതിലഭിച്ച് വർഷങ്ങൾ പിന്നിട്ടിരിക്കുകയാണ്. നിർദ്ദിഷ്ട പാലത്തിന്റെ നിർമ്മാണച്ചുമതല കേരള റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ഏൽപ്പിച്ചതായാണ് അറിവ്. നാളിതുവരെ ടെണ്ടർ നടപടികൾ സ്വീകരിക്കുകയോ നിർമ്മാണപ്രവൃത്തി ആരംഭിക്കുകയോ ചെയ്തിട്ടില്ല. പാലം നിർമ്മിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി ഏകദേശം പൂർത്തിയായെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. ഈ സാഹചര്യത്തിൽ അഴിമാവ് കടവ് പാലത്തിന്റെ നിർമ്മാണപ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)</u> : സർ, കനോലി കനാലിന് കുറുകെയുള്ള അഴിമാവ് കടവ് പാലത്തിന് 14-7-2009-ൽ 15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും കേരള റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതല ഏൽപ്പിക്കുകയും ചെയ്തു. എന്നാൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ പണി ആരംഭിച്ചിരുന്നില്ല. ഇപ്പോൾ ഇതിനായി കീഴ്പ്പള്ളിക്കര- എടത്തുരുത്തി വില്ലേജുകളിലായി 57.9 ആർ ഭൂമി ഏറ്റെടുക്കുന്നതിന് ഈ മാസം 17-ാം തീയതി മൂന്ന് കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുത്തതിനുശേഷം പുതുക്കിയ ഭരണാനുമതി നൽകി പാലം നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly